# ഒന്ന്
# ക്രിസ്തുവിന്റെ പൂർവമാതൃകകൾ

## ഊസിറിസ് (Osiris)

ഊസിറിസ് എന്ന ഈജിപ്ഷ്യൻ പുരാണങ്ങളിലെ ദൈവം അസ്സർ, ഓസ്സിറിസ് എന്നീ പേരുകളിലും അറിയപ്പെടുന്നു. BCE 2400-കളിൽ ആവിർഭവിച്ച ഈജിപ്ഷ്യൻ പുരാണങ്ങളിൽ ഊസിറിസിനെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ കാലഘട്ടങ്ങളിൽ ഊസിറിസ് ആരാധനയ്ക്ക് ഏറെ പ്രചാരം ഉണ്ടായിരുന്നു. പല കാലഘട്ടങ്ങളിലെ പുരാണങ്ങളിൽ പല പേരുകളിലും വ്യത്യസ്തമായ കഥകളിലും ഊസിറിസിനെ കാണാം. ഏറെ പീഡകൾ സഹിച്ച് കൊല്ലപ്പെടുകയും പിന്നീട് ഉയർത്തെഴുന്നേല്ക്കുന്നതുമാണ് ഊസിറിസിന്റെ പ്രത്യേകത. CE മൂന്നാം നൂറ്റാണ്ടോടുകൂടി ക്രിസ്തുമതം ശക്തി പ്രാപിക്കുകയും പ്രചാരം നേടുകയും ചെയ്തതോടെ പല പുരാണമതങ്ങളും ആരാധനകളും നിരോധിക്കപ്പെട്ടു. പുരാണമതാനുഷ്ഠാനികളെ ബലാത്ക്കാരമായി ക്രിസ്തുമതത്തിൽ ചേർത്തു. തുടർന്ന് പുരാണദൈവങ്ങളുടെ കഥകളും ആരാധനാരീതികളും ക്രിസ്തുമതത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു. അതോടെ, ഊസിറിസ് യേശുവായി, ഊസിറിസിന്റെ കഥകൾ യേശുവിന്റെ കഥകളുമായി. എല്ലാത്തിന്റെയും വലിയ പിതാവായാണ് ഊസിറിസ് അറിയപ്പെടുന്നത്. സൃഷ്ടി, പരിപാലനം, പ്രത്യുല്പാദനം, ആത്മാക്കളുടെ ന്യായവിധി എന്നിവയുടെ ദൈവമാണ് ഊസിറിസ്. കൂടാതെ ജീവൻ നൽകുന്നവൻ, രക്ഷകൻ, വിത്തുകൾ മുളപ്പിക്കുന്നവൻ, നൈൽ നദിയിൽ വെള്ളപ്പൊക്കം ഉണ്ടാക്കുന്നവൻ, കൃഷിയുടെയും ആടുമാടുകളുടെയും പരിപാലകൻ എന്നിങ്ങനെയും ഊസിറിസ് വിശേഷിപ്പിക്കപ്പെടുന്നു.

നൈൽ നദീതടം എക്കൽ നിറഞ്ഞ വെള്ളം കൊണ്ടു നിറയുന്നതും കൃഷി പുഷ്ടിപ്പെടുന്നതും ഊസിറിസിന്റെ കൃപ നിമിത്തമാണ്. ആടുമാടുകളെ പരിചരിക്കുന്ന ഊസിറിസ് ഇടയന്മാരുടെ കാവൽദൈവമാണ്. ഊസിറിസിന്റെ

കൈയ്യിൽ കാണുന്ന ഇടയന്റെ വളഞ്ഞവടി ഇതിന്റെ പ്രതീകമാണ്. യേശുവിന്റെ കയ്യിൽ കാണുന്ന ഇടയന്റെ വടി ഊസിരിസിന്റെ വടിയുടെ അനുകരണമാണ്. തച്ചനായിരുന്ന യേശു ആടുമാടുകളെ മേയിച്ചിരുന്നതായി സുവിശേഷകർ ആരും എഴുതിയിട്ടില്ല. യേശുവിന്റെ ജനനകഥയിൽ പരാമർശിക്കപ്പെടുന്ന ഇടയന്മാർ ഊസിരിസ് പുരാണത്തിന്റെ പ്രേരണയാൽ ഉണ്ടായതാണ് എന്നനുമാനിക്കാം.

ആകാശദേവന്റെയും ഭൂമിദേവതയുടെയും മൂത്തപുത്രനാണ് ഊസിരിസ്. ഭൂമിയിലെ ജീവനെ നിലനിർത്തുന്ന സൂര്യദൈവം ആകാശദൈവത്തിന്റെ പ്രതീകമാണ്. പിരമിഡ് പുരാണങ്ങളിൽ കാണുന്ന 'റ' ദൈവവും ഇതേ ദൈവം തന്നെ. ഫറവോ മരിച്ചതിനുശേഷം ഉയർത്തെഴുന്നേറ്റ് ഊസിരിസുമായി താദാത്മ്യം പ്രാപിക്കുന്നു. ഉയർത്തെഴുന്നേല്ക്കുന്ന ഫറവോയുടെ ആവശ്യത്തിനാണ് പിരമിഡുകളിൽ എല്ലാത്തരം ഭൗതികവസ്തുക്കളും നിറയ്ക്കുന്നത്. ഫറവോ ദൈവമായി ആരാധിക്കപ്പെട്ടതിന്റെയും കാരണം പിരമിഡ് പുരാണമാണ്.

സേത്ത് ഊസിരിസിന്റെ സഹോദരനും ഈശ, നെപ്തീസ് എന്നിവർ സഹോദരിമാരുമാണ്. ഈ സഹോദരിമാർ ഇവരുടെ ഭാര്യമാരുമാണ്. ഈശ ദേവതയുടെ ആരാധന വളരെക്കാലം യൂറോപ്യൻ പ്രദേശങ്ങളിൽ പോലും വ്യാപിച്ചിരുന്നു. ഹീബ്രു ഭാഷയിൽ ഈശയുടെ പേര് മിറിം എന്നാണ്. കൊല്ലപ്പെട്ട ഊസിരിസിനെ ഉയർപ്പിക്കുന്നതും ഈശ ദേവതയാണ്. ഊസിരിസ് ഉയർത്തെഴുന്നേൽക്കുന്നത് പുത്രനായ ഹോറസ് ആയിട്ടാണ്. മിറിം എന്നു പേരുള്ള ഈശദേവത പുത്രനാം ദൈവത്തിന്റെ അമ്മയും പുത്രന്റെയും പിതാവിന്റെയും ഭാര്യയും ആകുന്നു. കാരണം ഊസിരിസ് ഉയർത്തെഴുന്നേൽക്കുന്നത് ഹോറസ് ദൈവമായിട്ടാണ്. ഈശ ദേവതയാണ് ക്രിസ്തുമതത്തിൽ കാണുന്ന പുത്രനാം ദൈവത്തിന്റെ അമ്മ മറിയം. ഈശ എന്ന മിറിയവും സഹോദരി നെപ്തീസും ലാസറിന്റെ കഥയിലും കാണാം.

എല്ലാ വർഷവും സസ്യങ്ങൾ ഉണങ്ങിക്കരിഞ്ഞ് അപ്രത്യക്ഷമാകുന്നതും പിന്നീട് പുതിയ സസ്യങ്ങളായി മുളയ്ക്കുന്നതും ഊസിരിസിന്റെ മരണത്തിന്റെയും ഹോറസിന്റെ ജനനത്തിന്റെയും പ്രതീകമാണ്. നൈൽ നദിയിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം സമീപപ്രദേശങ്ങളെ വളരെ വളക്കൂറുള്ള എക്കൽകൊണ്ടു നിറയ്ക്കുന്നു. തൻനിമിത്തം അനേകവർഷത്തേക്ക് ആവശ്യമുള്ള ധാന്യം വിളയുന്നു. അതിനാൽ നൈൽ നദിയെ ഈജിപ്റ്റിന്റെ ജീവനാഡിയായി കണക്കാക്കുന്നു. വളരെ സമൃദ്ധമായ വിളവെടുപ്പ് ഈജിപ്റ്റിലെ മാത്രമല്ല മറ്റു പലപ്രദേശങ്ങളിലെയും ക്ഷാമകാലത്തും ഉപയോഗിക്കത്തക്കവിധം വലിയ മേനി നൽകുന്നു. ഭൂമിക്കടിയിലുള്ള അറകളിൽ അനേക വർഷത്തേക്കുള്ള ധാന്യം അവർ സൂക്ഷിച്ചിരുന്നു. അതിനാൽ ഊസിരിസിന്റെ പട്ടണം ജീവൻ നൽകുന്ന അപ്പത്തിന്റെ ഭവനം,

ബേത്-അനു അഥവാ ജീവന്റെ ഉറവിടമായ സൂര്യന്റെ ഭവനം, 'റ' എന്ന ദേവന്റെ ഭവനം എന്നിങ്ങനെയൊക്കെ അറിയപ്പെട്ടിരുന്നു. കൊല്ലപ്പെട്ട ഊസിറിസിന്റെ മൃതശരീരം കിടത്തിയിരുന്നതും ബേത്-അനു എന്ന അപ്പത്തിന്റെ ഭവനത്തിലാണ്.

ഈ കഥ ഒരു സുവിശേഷകൻ പകർത്തിയപ്പോൾ ഊസിറിസ് എന്ന ദൈവം അപ്പത്തിന്റെ ഭവനമായ ബേത്-അനുവിനു പകരം ഹീബ്രുവിൽ അപ്പത്തിന്റെ ഭവനമായ ബേത്‌ലഹേമിൽ ജനിക്കുന്നു. മറ്റൊരു സുവിശേഷകൻ ബേത്-അനുവിലെ പുരാണം പുനരാവിഷ്കരിച്ചപ്പോൾ ബേത്-അനു ബഥാന്യയും ഊസിറിസ് ഹീബ്രുവിലെ ലാസറും മിറിം മറിയവും നെപ്തീസ് മാർത്തയും ആയി മാറുന്നു.

വളരെക്കാലത്തെ പരിശീലനത്തിനും പരീക്ഷണങ്ങൾക്കും കാത്തിരിപ്പിനും ശേഷം മാത്രമായിരുന്നു ഊസിറിസിന്റെ ആരാധനാസമൂഹത്തിൽ അംഗത്വം ലഭിച്ചിരുന്നത്. വളരെ രഹസ്യങ്ങൾ നിറഞ്ഞ ഊസിറിസ് ആരാധനയുടെ തുടർച്ചയാണ് ക്രിസ്തുമതത്തിലെ രഹസ്യങ്ങൾ നിറഞ്ഞ കൂദാശകൾ. രഹസ്യങ്ങളുടെയും ആചാരനുഷ്ഠാനങ്ങളുടെയും പ്രതീകമായിരുന്ന യെരുശലേം ദേവാലയത്തിന്റെ തിരശീല ചീന്തി പൊള്ളയായ ആചാരങ്ങളെ പരസ്യമാക്കിയ, സ്വന്തം ശരീരം ചീന്തി രഹസ്യങ്ങളെ പരസ്യമാക്കിയ, യേശുവിന്റെ സഭയിൽ എന്തിന് രഹസ്യങ്ങളുള്ള കൂദാശകൾ?

ഊസിറിസ് ആരാധന പൊതുവേ ഇരുളടഞ്ഞ ഗുഹകളിലാണ് അനുഷ്ഠിച്ചിരുന്നത്. ശോകപൂരിതമായ ആരാധന ചിലപ്പോൾ ദിവസങ്ങൾതന്നെ തുടർന്നിരുന്നു. ആരാധനയുടെ അവസാനം സമൂഹസദ്യയും പതിവായിരുന്നു. ആത്മാവിന്റെ നിത്യതയിൽ ഊസിറിസ് ആരാധകർ വിശ്വസിച്ചിരുന്നു. തുടർച്ചയായ വരൾച്ചയ്ക്കും പിന്നീടുണ്ടാകുന്ന വെള്ളപ്പൊക്കത്തിനും ശേഷം നൈൽ നദീതീരത്ത് വിത്തുകൾ മുളയ്ക്കുന്നതുപോലെ മരിച്ചവർ വീണ്ടും ഉയർക്കും എന്നവർ കരുതി. വിത്തുകളുടെ മുളപൊട്ടലിനെ മരിച്ച ഊസിറിസിന്റെ പുനരുദ്ധാരണമായാണ് കണക്കാക്കിയിരുന്നത്. അതിനാലാണ് ഊസറിസിന്റെ ബലിയർപ്പണം ശോകഭരിതമായി കാണപ്പെട്ടിരുന്നത്. ക്രിസ്തുസഭയുടെ പീഡാനുഭവ ആഴ്ചയുടെ ആരാധനകളും ഇതിന്റെ തുടർച്ചതന്നെ.

ഊസിറിസിന്റെ മരണകഥകളിൽ ഒന്ന് ഇപ്രകാരമാണ്: ഊസിറിസിന്റെ ദുഷ്ടസഹോദരൻ സേത്ത് ഊസിറിസിനെ കഠിനമായി പീഡിപ്പിച്ചു കൊല്ലുന്നു. മൃതശരീരം ഒരു മരപ്പെട്ടിയിൽ വെച്ച് നൈൽ നദിയിൽ ഒഴുക്കുന്നു. പെട്ടി ഒരു വൃക്ഷത്തിൽ തങ്ങുകയും ക്രമേണ വൃക്ഷത്താൽ മൂടപ്പെടുകയും ചെയ്യുന്നു. മരത്തിനുള്ളിൽ അകപ്പെട്ട ഊസിറിസിനെ വൃക്ഷത്തിൽ തൂങ്ങപ്പെട്ടവനായിട്ടാണ് കാണുന്നത്. കുരിശിൽ തൂങ്ങിയ യേശുവിന്റെ രൂപവും ഇതേ ആശയം പകർത്തിയതാണ് എന്നനുമാനിക്കാം.

സ്വന്തം ഭർത്താവും സഹോദരനുമായവനെ തേടി ഈശ (മിറിം) അലയുന്നു. അവസാനം മരത്തിലകപ്പെട്ട ഊസിറിസിന്റെ മൃതശരീരം കണ്ടെത്തുന്നു. മൃതശരീരത്തിനു മുകളിൽ ഈശ പരുന്തിന്റെ രൂപത്തിൽ പറന്ന് ഊസിറിസിനെ ജീവിപ്പിക്കുന്നു. കന്യകയായ ഭൂമിദേവിയിൽനിന്ന് ഊസിറിസ് ജനിക്കുന്നു. ദൈവത്തിന്റെ ആത്മാവ് പരുന്തിന്റെ രൂപത്തിൽ ആവസിച്ചപ്പോൾ പുരുഷസംസർഗ്ഗം ഇല്ലാതെ കന്യകയിൽനിന്നും ഹോറസായി ഊസിറിസ് വീണ്ടും ജനിക്കുന്നു. ഊസിറിസിന്റെ മരണകഥ പല രൂപത്തിൽ നാടകങ്ങളായി അവതരിപ്പിക്കപ്പെട്ടിരുന്നു. ആരാധകരും അഭിനേതാക്കളും മാറത്തടിച്ചു കരയുകയും ശരീരത്തിൽ മുറിവുകളുണ്ടാക്കി നിലവിളിക്കുകയും ചെയ്തിരുന്നു. ഇവയെല്ലാം സേത്ത് പീഡിപ്പിച്ച് കൊലചെയ്ത ഊസിറിസിന്റെ ഓർമ്മയ്ക്കായിട്ടായിരുന്നു. യേശുവിന്റെ പീഡാനുഭവത്തെ ഓർത്ത് വിശ്വാസികൾ ഇതേ ആചാരം ഇന്നും തുടരുന്നു.

മരിച്ച ഊസിറിസിന്റെ ശരീരമായി സങ്കൽപ്പിച്ച് നിലത്ത് വിത്തുകൾ പാകുകയും അവ മുളയ്ക്കുമ്പോൾ ഊസിറിസിന്റെ പുനരുദ്ധാരണമായി ആചരിക്കുകയും ചെയ്തിരുന്നു. സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന ദൈവപുത്രൻ ജീവൻ നൽകുന്ന ധാന്യത്തിന്റെ രൂപത്തിൽ മുളയ്ക്കുന്നു; അത് ജീവന്റെ അപ്പമായി പുനർജീവിക്കുന്നു. ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന് സുവിശേഷകൻ പറയുന്നതും ഊസിറിസ് പുരാണത്തിന്റെ ചുവട് പിടിച്ചാണ് എന്നനുമാനിക്കാം.

മറ്റൊരു പുരാണകഥയിൽ പീഡിപ്പിച്ചതിനുശേഷം ഊസിറിസിനെ സേത്ത് വെട്ടിനുറുക്കി കൊന്ന് പതിനാല് കഷണങ്ങളാക്കി നൈൽ നദിയുടെ പല ഭാഗങ്ങളിലായി ചിതറിക്കുന്നു. ഈശദേവത, ഭർത്താവിന്റെ എല്ലാ ഭാഗങ്ങളും വീണ്ടെടുത്ത് കൂട്ടിച്ചേർക്കുന്നു. എന്നാൽ ലിംഗം മാത്രം കണ്ടെടുക്കാൻ സാധിച്ചില്ല. കാരണം ഒരു മത്സ്യം അത് വിഴുങ്ങിയിരുന്നു. പിന്നീട് മത്സ്യഭക്ഷണം ആരാധനയായി രൂപാന്തരം പ്രാപിക്കുന്നത് ഈ പുരാണത്തിന്റെ  അനുകരണമാണ്.

ഊസിറിസിനെ പതിനാല് ഭാഗങ്ങളായി സേത്ത് മുറിച്ചതിന്റെ ഓർമ്മ ആചരിച്ചിരുന്നത് ഇപ്രകാരമാണ്: മരത്തിന്റെ അച്ചുകളിൽ ഗോതമ്പുമാവ് നിറച്ച് അപ്പം ഉണ്ടാക്കി അപ്പവും വെള്ളവും ആചാരനുഷ്ഠാനങ്ങളോടെ രഹസ്യകൂദാശയായി ആരാധകർ ഭക്ഷിക്കുന്നു. മരിച്ച ദൈവത്തിന്റെ ശരീരവും രക്തവും ആയിട്ടാണ് ആരാധകർ ഇവയെ കാണക്കാക്കിയിരുന്നത്. മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ വെള്ളത്തിനുപകരം വീഞ്ഞും ഉപയോഗിച്ചിരുന്നു.

മനുഷ്യൻ സിംഹത്തെ ഭക്ഷിച്ചാൽ അവൻ സിംഹമായി മാറുന്നു (തോമായുടെ സുവിശേഷം) ഈ വിശ്വാസം വളരെ പുരാതനകാലം മുതൽക്കു തന്നെ മനുഷ്യവർഗ്ഗം പുലർത്തിയിരുന്നു. യുദ്ധത്തിൽ തോറ്റ ശക്തന്റെ

ശരീരം, മരിച്ച പിതാക്കളുടെ ശരീരം, ദൈവതുല്യനായ രാജാവിന്റെ ശരീരം എന്നിവ അവരുടെ ശക്തി ആർജ്ജിക്കുവാൻ മനുഷ്യർ ഭക്ഷിച്ചിരുന്നു. മനുഷ്യൻ നരഭോജിയും മാംസഭോജിയും ആയതിന്റെ കാരണവും അതാണ്. ക്രിസ്തുസഭകളിലെ കുർബാനകളിൽ യേശുവിന്റെ ശരീരവും രക്തവും ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതും ഊസിറിസ് ആരാധനയുടെയും പൗരാണികസമ്പ്രദായങ്ങളുടെയും തുടർച്ച മാത്രമാണ്.

യേശു മാംസം ഭക്ഷിച്ചതായി സുവിശേഷങ്ങളിൽ കാണുന്നില്ല. നസ്രായനായ യേശു മാംസം ഭക്ഷിക്കുവാനുള്ള സാധ്യതയും ഇല്ല. യേശുവിന്റെ അന്ത്യഅത്താഴത്തിൽ മാംസം ഉപയോഗിക്കുന്നില്ല. യഹൂദപെസഹായുടെ പ്രധാനവിഭവം കുഞ്ഞാടിന്റെ മാംസമാണ്. ഇത് എന്റെ ശരീരം, ഇത് എന്റെ രക്തം, തിന്നുക, കുടിക്കുക എന്ന് യേശു പറയുവാനുള്ള സാധ്യതയില്ല. ക്രിസ്തീയ കുർബ്ബാനയുടെ തുടക്കം അതിനാൽ യേശുവിൽ നിന്നല്ല, ഊസിറിസ് ആരാധനയുടെ തുടർച്ചയാണത്.

സുവിശേഷകർ എഴുതിയിരിക്കുന്നതിൻപ്രകാരം അപ്പവും വീഞ്ഞും യേശു വാഴ്ത്തിയിരിക്കാനുള്ള സാധ്യതയുമില്ല. കാരണം നസ്രായനായ യേശു നസ്രായവ്രതം അനുസരിച്ച് വീഞ്ഞ് കുടിക്കുകയോ കുടിക്കുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുകയില്ല. സ്വയം ചെയ്യാത്തത് ചെയ്യുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നത് കാപട്യമാണ്. അതിനാൽ യേശുവിനെ കാപട്യക്കാരനാക്കുകയാണ് സുവിശേഷകർ ചെയ്തത്.

ഊസിറിസ് ആരാധന വീഞ്ഞ് സുലഭമായ പ്രദേശങ്ങളിലേയ്ക്ക് വ്യാപിച്ചതോടുകൂടി ഡയനോസിയസ്, അഡോനിസ് എന്നീ ദൈവങ്ങളുടെ ആരാധനയായി രൂപാന്തരം പ്രാപിക്കുന്നതായി കാണാം. വീഞ്ഞിന്റെ ദൈവമാണ് ഡയനോസിയസ്. ഡയനോസിയസ് ആരാധകർ ക്രിസ്ത്യാനികൾ ആയി മാറിയപ്പോൾ അവരുടെ വീഞ്ഞുകുടിയും ആരാധനയുടെ ഭാഗമായി മാറി എന്നനുമാനിക്കാം. അങ്ങനെ വീഞ്ഞ് നിഷിദ്ധമായ നസ്രായവ്രതക്കാരന്റെ മതത്തിൽ വീഞ്ഞു കുടിയും ആചാരമായി മാറി (വാല്യം III, V എന്നിവ കാണുക).

* * *